**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **09-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാലയിൽ മലയാളം അസോഷ്യേറ്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ സർവകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമിക്കപ്പെടാൻ ഒന്നാംറാങ്ക് നേടിയ വ്യക്തി അയോഗ്യയെന്ന് കോടതി കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിങ് കമ്മിറ്റി പരിശോധിച്ചിട്ടില്ല എന്ന ആരോപണത്തിൽ വാസ്തവമുണ്ടോയെന്ന് അറിയിക്കുമോ; | (എ) | **കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയും, വ്യവസ്ഥ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നതായും കണ്ണൂർ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് യു.ജി.സി. മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ; | (ബി) | A - യിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രോ വൈസ്ചാൻസലർ അധ്യക്ഷനായ സ്ക്രീനിങ് കമ്മിറ്റി, അപേക്ഷകർ നൽകിയ രേഖകൾ പരിശോധിച്ചതിന് ശേഷമാണ് ചുരുക്കപ്പട്ടിക തയ്യാറാക്കേണ്ടത് എന്നിരിക്കെ നടപടിക്രമം പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | A - യിൽ ചേർത്തിരിക്കുന്നു |
| (ഡി) | പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | A - യിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ